(സി) കീഴ്നദീതട അവകാശ പ്രകാരം ചിറ്റൂർ പുഴയ്ക്ക് ഓരോ വർഷവും ലഭിക്കേണ്ടിയിരുന്ന ജലത്തിന്റെ കണക്കുകൾ വ്യക്തമാക്കുമോ?

(ഡി) 1970-ലെ കരാർ വ്യവസ്ഥയനുസരിച്ച് സംഭരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ഓരോ വർഷവും ലഭിക്കേണ്ടിയിരുന്ന ജലം എത്ര യാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1970-ലെ പറമ്പിക്കുളം-അലിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ III ഖണ്ഡിക (2) പ്രകാരം അലിയാർ ഡാമിന്റെ മൂലധന, പരിരക്ഷാ ചെലവ് തമിഴ്നാട് കേരള സംസ്ഥാനങ്ങൾ യഥാക്രമം 11:2 എന്ന റേഷ്യോ അനുസരിച്ച് വഹിക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. 3/73 വരെയുള്ള മൂലധന ചെലവിന്റെ വിഹിതമായ 45,37,847 രൂപ തമിഴ്നാട് ആവശ്യപ്പെട്ടിരുന്നെങ്കിലും, ഡാമിന്റെ പണികൾ തീരുന്നമുറയ്ക്ക് കേരളത്തിന് തിരിച്ച് നൽകേണ്ട ഭൂമിയും കെട്ടിടങ്ങളും വിട്ടുകിട്ടാത്തതും മറ്റുമായ പല പ്രശ്നങ്ങളും തീരുമാനമാകാനുണ്ടായിരുന്നതിനാൽ ഇക്കാര്യം കരാർ പുനരവലോകന സമയത്ത് പരിശോധിക്കാവുന്നതാണെന്ന് തമിഴ്നാടിനെ അറിയിക്കുകയാണുണ്ടായത്.

(ബി) 1970 മുതൽ 1998-99 വരെ അലിയാർ ഡാമിന്റെ സ്വവൃഷ്ടി പ്രദേശത്തുനിന്നും ലഭ്യമായ (ഭാരതപ്പുഴ ജലസംഭരണം) ജലത്തിന്റെ വിവരങ്ങൾ അനുബന്ധത്തിൽ †കൊടുത്തിരിക്കുന്നു.

(സി) കീഴ്നദീതട അവകാശപ്രകാരം ചിറ്റൂർ പുഴയ്ക്ക് പ്രത്യേക അളവ് വ്യവസ്ഥ ചെയ്തിട്ടില്ല. കരാറിന്റെ ഷെഡ്യൂൾ 2-ഖണ്ഡിക 4 പ്രകാരം ഉപയോഗിക്കാൻ കഴിയാത്ത പ്രളയജലം ഒഴിവാക്കി ടി.എം.സി. ജലം വർഷം തോറും ചിറ്റൂർ പുഴയ്ക്ക് നൽകണം. ഇതിനുപുറമേ പറമ്പിക്കുളം അലിയാർ പദ്ധതി സമുച്ചയത്തിലെ ആകെ ലഭ്യമായ ജലത്തിൽ 16.5 ടി.എം.സി.യിൽ അധികം വരുന്നതിൽ 2.5 ടി.എം.സി. ജലവും ചിറ്റൂർ പുഴയ്ക്ക് അവകാശപ്പെട്ടതാണ്.

(ഡി) സംഭരണത്തിന്റെ അടിസ്ഥാനത്തിൽ കണക്കു തിട്ടപ്പെടുത്തിയിട്ടില്ല. കരാർ അനുസരിച്ചുള്ള കണക്കുകൾ അനുബന്ധത്തിൽ† വ്യക്തമാക്കിയിട്ടുണ്ട്.

റഫർ ചെയ്ത ക്രിമിനൽ കേസ്സുകൾ

41 (697)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ക്രിമിനൽ കേസ്സുകൾ റഫർ ചെയ്തു;

---

† അനുബന്ധം VIII

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ കോടതിയിൽ ചാർജ്ജ്ഷീറ്റ് നൽകിയ കേസ്സുകൾ എത്ര;

(സി) രജിസ്റ്റർ ചെയ്ത എത്ര കേസ്സുകൾ മേലധികാരികളുടെ നിർദ്ദേശപ്രകാരം റഫർ ചെയ്തു; ഇവയുടെ ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ പോലീസ് സ്റ്റേഷനുകളിൽനിന്നും റഫർ ചെയ്ത കേസ്സുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 70629 കേസ്സുകൾ.

(ബി) 70490 കേസ്സുകൾ.

(സി) 3714 കേസ്സുകൾ. ജില്ല തിരിച്ചുള്ള കണക്ക് താഴെക്കൊടുക്കുന്നു.

	കോട്ടയം	428
	ഇടുക്കി	453
	എറണാകുളം	1
	തൃശ്ശൂർ	376
	പാലക്കാട്	1559
	കോഴിക്കോട്	432
	വയനാട്	135
	റെയിൽവേസ്	108
	ക്രൈംബ്രാഞ്ച്	222
	ആകെ	3714
(ഡി)	തിരുവനന്തപുരം	4921
	കൊല്ലം	3348
	പത്തനംതിട്ട	2310
	ആലപ്പുഴ	3962
	കോട്ടയം	3553
	ഇടുക്കി	3502
	എറണാകുളം	10829
	തൃശ്ശൂർ	6071
	പാലക്കാട്	5907
	മലപ്പുറം	5452
	കോഴിക്കോട്	8897
	വയനാട്	883
	കണ്ണൂർ	7992
	കാസർഗോഡ്	2672
	റയിൽവേസ്	108

LIBRARY ARCHIVES Kerala Legislative Assembly

ആകെ 70407

"മന്ത്രിമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ"

42 (698) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ നിയമസഭയിൽ എഴുതിക്കൊടുത്ത് എന്തെല്ലാം ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതേക്കുറിച്ച് ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ആരോപണങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

ഉത്തരം

(എ)-(സി) നിയമസഭാരേഖയിൽനിന്നും ലഭിക്കേണ്ടതാണ്. പ്രസ്തുത വിവരം ശേഖരിച്ചുവരുന്നു.

ഗതാഗതത്തിരക്ക് നിയന്ത്രിക്കുന്നതിനുള്ള പരിഷ്ക്കരണങ്ങൾ

43 (699) ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ഗതാഗതത്തിരക്ക് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ;

(ബി) നഗരങ്ങളിലെ പ്രധാന റോഡുകളിൽ ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമോ;

(സി) നഗരങ്ങളിലെ വാഹനത്തിരക്ക് കുറയ്ക്കുന്നതിന് പാരലൽ റോഡിൽക്കൂടി വാഹനങ്ങൾ കടന്നുപോകാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂളുകളുടെയും കോളേജുകളുടെയും മുൻപിൽ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമോ;

(ഇ) സ്കൂളുകളുടേയും കോളേജുകളുടേയും മുൻപിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് സ്കൂൾ സമയത്ത് പ്രത്യേക ട്രാഫിക് പോലീസുകാരെ നിയമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly